LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 150 രൂപയിൽ നിന്നും 210 രൂപയായും തുടർന്ന് 260 രൂപയായും ഇപ്പോൾ 300 രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 200 രൂപയിൽ നിന്ന് 285 രൂപയായും പിന്നീട് 360 രൂപയായും വർദ്ധിപ്പിച്ചു.

(ബി) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 2-2-2012 മുതൽ 210 രൂപയായും 1-5-2013 മുതൽ 260 രൂപയായും 1-3-2014 മുതൽ 300 രൂപയായും വർദ്ധിപ്പിച്ചു.

(സി) ഉല്പാദനമേഖലയിലെ കുറഞ്ഞ കൂലി 200 രൂപയിൽ നിന്നും 285 രൂപയായും 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി, ഡീഫൈബറിംഗ് മേഖലകളിലെ തൊഴിലാളികളുടെ കൂലിയിൽ ഒരു വിഹിതം സർക്കാർ നൽകുന്നു. അർഹരായ തൊഴിലാളികൾക്ക് സർക്കാർ വിഹിതം കൂലിയായി നൽകുന്നതിനു വേണ്ടിയുള്ള ഫണ്ട് കയർ വികസന ഡയറക്ടറേറ്റിൽ നിന്നും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാർക്ക് ആവശ്യാനുസരണം അലോട്ട് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ടവരിൽ നിന്നും ക്ലെയിം ലഭിക്കുമ്പോൾ പരിശോധിച്ച് അർഹമായ സർക്കാർ വിഹിതം ബന്ധപ്പെട്ട തൊഴിലാളികളുടെ ഈ ആവശ്യത്തിനുവേണ്ടി എടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പ്രോജക്ട് ഓഫീസർ (കയർ) നിക്ഷേപിക്കുന്നു. ഈ പദ്ധതി പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങാനുള്ള തീയതി 31-3-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ചകിരിക്ഷാമം പരിഹരിക്കാൻ നടപടി

178(4809) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ കടുത്ത ചകിരി ക്ഷാമം മൂലം കയർ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2012-13, 2013-14, 2014-15 നവംബർ വരെ ഓരോ വർഷവും എത്ര വിലയുള്ള എത്ര ക്വിന്റൽ ചകിരി കയർഫെഡ് വഴി വിതരണം ചെയ്യുവെന്ന് വ്യക്തമാക്കാമോ;

(ഡി) ചകിരിക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ദൗർലഭ്യവും ചകിരിയുടെ അടിക്കടിയുള്ള വിലവർദ്ധനവും സംഘങ്ങളുടെയും ചെറുകിട ഉല്പാദകരുടെയും ഉല്പാദനപ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനായി സർക്കാർ കയർഫെഡിനെ ചുമതലപ്പെടുത്തുകയും ഈ ആവശ്യത്തിലേക്കായി 2013-14 വർഷം 4,86,20,000 രൂപ കയർഫെഡിന് അനുവദിക്കുകയും ചെയ്തു. കയർഫെഡ് 2013 നവംബർ മുതൽ 2014 മെയ് വരെയും തുടർന്ന് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ഇപ്രകാരം സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്തിട്ടുണ്ട്.

(സി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കയർഫെഡ് വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്ത ചകിരിയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	തുക്കം (ക്വിന്റൽ)	വില (രൂപ)
2012-13	വിതരണം ഇല്ല.	---
2013-14	26,693.79	7,30,29,202
2014-15 (സെപ്റ്റംബർ വരെ)	33,105.38	9,11,40,708

(ഡി) കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർ ഫെഡിന് 4,86,20,000 രൂപ 2013-1-ൽ അനുവദിച്ചു. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച ദിവസവും 3000-4000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ മേഖലയിൽ വിതരണം ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിലെ ഡീഫൈബറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റികൾക്ക് വലിയ ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. മാത്രമല്ല, തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് കയർ സംഘങ്ങളെ ഉൾപ്പെടുത്തിയും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ച് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ട് പറമ്പിൽ മാവേലി സ്റ്റോർ

179(4810) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമപഞ്ചായത്തിലെ കോഴിക്കോട്ട് പറമ്പിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സൗജന്യമായി നൽകുന്ന ബാങ്ക് കെട്ടിടത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മങ്കട പഞ്ചായത്തിലെ കോഴിക്കോട്ട് പറമ്പിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തിയതിന്റെ റിപ്പോർട്ട് മേഖലാ മാനേജരിൽ നിന്നും സപ്ലൈകോ ഹെഡ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. നിലവിൽ മങ്കട പഞ്ചായത്തിൽ മങ്കടയിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നിരുന്നാലും നിലവിലെ മാനദണ്ഡമനുസരിച്ചുള്ള വാടകരഹിത കെട്ടിടവും ഒരു ലക്ഷം രൂപയും നൽകുന്നതിന് ഗ്രാമപഞ്ചായത്ത് തയ്യാറായിട്ടുള്ളത് പരിഗണിച്ച് സാധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly